സ്പീഡ് പോസ്റ്റ് / പി.ഒ.ഡി സഹിതം

**ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

ഹാജർ: ഡോ സുമി ചെറിയാൻ KAS

ക്ഷീരവികസന വകുപ്പ്- ജീവനക്കാര്യം - ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

DDDKER/2961/2026-E2 തിരുവനന്തപുരം:06-08-2026

പരാമർശം- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കോഴിക്കോട് ജില്ല ഓഫീസറുടെ **16.07.2026**ലെ D5-4/5/2024-KPSC DOKKD(1) നമ്പർ കത്ത്.

**ഉത്തരവ്**

ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിന് പരാമർശ പ്രകാരം ശുപാർശ ചെയ്യപ്പെട്ട **Sri.Arjun KC, Chirayil House, Kottur Post, Kottur, Kozhikkode -673614** എന്നയാളെ ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ **₹26,500-60,700** ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി നിയമനം നല്കി ഉത്തരവാകുന്നു.

1. നിയമനം താത്കാലികവും **1958**-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് നിയമനത്തിൻ ചട്ടങ്ങളിലെ 9(a)(1),10 (b) ചട്ടത്തിനും നിബന്ധനകൾക്കും വിധേയമായിരിക്കും.
2. നിയമനം ലഭിക്കുന്ന വ്യക്തിക്ക് ടി തസ്തികയ്ക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള ശമ്പളത്തിനല്ലാതെ മറ്റൊന്നിനും അവകാശമുണ്ടായിരിക്കുന്നതല്ല.
3. ടി താത്കാലിക നിയമനം സ്ഥിരമാക്കുന്നത് സർക്കാരുദ്യോഗത്തിൽ നിയമിക്കപ്പെടുന്നതിന് യോഗ്യരാണെന്ന പോലീസ് അന്വേഷണ റിപ്പോർട്ടിന്റെയും, പി.എസ്.സി. വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ

മാത്രമായിരിക്കും. ടി റിപ്പോർട്ട് എതിരായാൽ ടി താത്കാലിക നിയമനം യാതൊരു അറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതാണ്.

4. നിയമന ശുപാർശയും, നിയമനവും **1958**—ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ പൊതു നിയമത്തിലെ 3(സി) ചട്ടത്തിന് വിധേയമായിരിക്കും.
5. നിയമന ഉത്തരവ് ലഭിച്ചിട്ടുള്ളവർ ജോലിയിൽ പ്രവേശിക്കുന്ന അവസരത്തിൽ താഴെപറയുന്ന പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കേണ്ടതാണ്.

**a.** ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി ഇവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ.

**b.** ശാരീരിക ക്ഷമത തെളിയിക്കുന്നതിന് **G.O.(P)No.20/2011/P&ARD dated:-30-06-11** പ്രകാരമുള്ള അംഗീകൃത ഫാറത്തിൽ രണ്ടാം ഗ്രേഡ് സിവിൽ സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.

**c.** ജോലിയുള്ള ആളാണെങ്കിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ വിടുതൽ ഉത്തരവ്.

**d.** ഇതോടൊപ്പമുള്ള ഫാറങ്ങൾ പൂരിപ്പിച്ചത്.

**e.** ആറുമാസത്തിനുള്ളിൽ എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ

**f.** നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ (ഒരു വർഷത്തിനകം ലഭിച്ചത്) അസ്സലും ഒരു പകർപ്പും (ആവശ്യക്കാർക്ക് മാത്രം)

**g.** പി.എസ്.സി-യിൽ ഒറ്റത്തവണ പരിശോധന (One Time Verification) പ്രകാരം നല്കിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ അസ്സൽ.

ഈ ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്നയാൾ ജോലിയിൽ പ്രവേശിയ്ക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം നിയമാനുസൃതം നിരീക്ഷണത്തിലായിരിക്കും.

ഈ ഉത്തരവ് പ്രകാരം നിയമിക്കപ്പെടുന്നയാൾ ജോലിയിൽ പ്രവേശിച്ച് 7 ദിവസത്തിനകം ഓഫീസ് തലവൻ മുഖേന ട്രഷറി ഓഫീസർക്ക് PRAN ലഭിക്കുന്നതിനുള്ള അപേക്ഷ നല്കേണ്ടതാണ്. കൂടാതെ ജനറൽ പ്രോവിഡന്റ് ഫണ്ട്,

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ പദ്ധതികളിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ വരിക്കാരനാകേണ്ടതുമാണ്.

**നിയമന ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം തിരുവനന്തപുരത്തുള്ള ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം ഈ നിയമനം യാതൊരു അറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതായിരിക്കും.**

ഡോ സുമി ചെറിയാൻ KAS
(പെൻ.നം-636653 )
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

Digitally signed by
Sumi Cherian
Date: 06-08-2026
12:15:03

Sri.Arjun KC,
Chirayil House,
Kottur Post,
Kottur,
Kozhikkode - 673614

പകർപ്പ്-
1. ഡയറക്ടറുടെ മേശപ്പുറത്ത്
2. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
3. സൂപ്രണ്ട് എ / ഇ സെക്ഷൻ
4. എ1 സീറ്റ് / സ്പാർക്ക്
5. ഡി.എഫ്.ഐ ഐ.റ്റി. സെൽ